# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2025 ജൂലൈ 14**

---

## പി.ജി, ബി.എഡ് പ്രവേശനം;
## ഒന്നാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തര ബിരുദ, ബി.എഡ് പ്രോഗ്രാമുകളിൽ പ്രവേശനത്തിന്
പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്കായുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ നാളെ(ജൂലൈ 16) വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം.

(പി.ആർ.ഒ/39/1818/2025)

## സ്പോട്ട് അഡ്മിഷൻ

എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ എംഎ ഇംഗ്ലീഷ് പ്രോഗ്രാമിൽ പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്കായി സംവരണം ചെയ്ത ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി നാളെ (ജൂലൈ 16) ഉച്ചയ്ക്ക് 12ന് മുൻപ് വകുപ്പിൽ എത്തണം. ഫോൺ-9388817662.

(പി.ആർ.ഒ/39/1819/2025)

## കൗൺസിലർമാരുടെ വിവരം നൽകണം

മഹത്മാ ഗാന്ധി സർവകലാശാലാ യൂണിയൻ കൗൺസിലർമാരുടെ വിവരങ്ങൾ നിർദ്ദിഷ്ഠ മാതൃകയിൽ സർവകലാശാലയിൽ ലഭ്യമാക്കാത്ത എല്ലാ അഫിലിയേറ്റഡ് കോളേജുകളും ഇന്ന്(ജൂലൈ 15) വൈകുന്നേരത്തിന് മുൻപ് നൽകണം.

(പി.ആർ.ഒ/39/1820/2025)

## റഗുലർ ഫുൾ ടൈം ഹ്രസ്വകാല പ്രോഗ്രാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ്(ഡാസ്പ്) നടത്തുന്ന റഗുലർ ഫുൾ ടൈം ഹ്രസ്വകാല പ്രോഗ്രാമുകളായ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ്-സപ്ലൈ ചെയിൻ ആന്റ് പോർട്ട് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ ബേക്കറി ആന്റ് കൺഫെക്ഷണറി (യോഗ്യത-പ്ലസ്ടു) പിജി ഡിപ്ലോമ ഇൻ ഡാറ്റാ ആന്റ് ബിസിനസ് അനലിറ്റിക്സ് (യോഗ്യത-ഡിഗ്രി) എന്നിവയിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 25 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾ www.dasp.mgu.ac.in എന്ന വെബ്സൈറ്റിൽ. ഇമെയിൽ: dasp@mgu.ac.in ഫോൺ-8078786798, 0481 2733292

(പി.ആർ.ഒ/39/1821/2025)

## പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ സിബിസിഎസ്എസ് (2013 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്, അഞ്ചാം സെമസ്റ്റർ സിബിസിഎസ്എസ് സൈബർ ഫോറൻസിക്ക് (2017,2018 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ഫെബ്രുവരി 2025) അഡ്മിഷൻ പരീക്ഷകൾ ഓഗസ്റ്റ് 29 മുതൽ നടക്കും.

........................

മൂന്നാം സെമസ്റ്റർ സിബിസിഎസ്എസ് (2013 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്), മൂന്നാം സെമസ്റ്റർ സിബിസിഎസ്എസ് സൈബർ ഫോറൻസിക്ക് (2017,2018 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ഫെബ്രുവരി 2025) അഡ്മിഷൻ പരീക്ഷകൾ ഓഗസ്റ്റ് എട്ടു മുതൽ നടക്കും.

(പി.ആർ.ഒ/39/1822/2025)

**പബ്ലിക് റിലേഷൻസ് ഓഫീസർ**